ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വളരെ പ്രധാനപ്പെട്ടതും കാലികമായതുമായ സുപ്രീം കോടതി വിധിന്യായങ്ങളും കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 2-3-2012-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവ് മുഖേന നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുക, കോടതി ഭാഷ മലയാളമാക്കുന്നതിനു വേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് വളരെ പ്രധാനപ്പെട്ടതും കാലികമായതുമായ സുപ്രീം കോടതി വിധിന്യായങ്ങളും കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി ആയത് ഉൾപ്പെടുത്തിക്കൊണ്ട് 'നിയമധ്വനി ' എന്ന പേരിൽ ഒരു മലയാളം ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. നിയമധ്വനിയുടെ നാല് പുസ്തകങ്ങളിലായി ഇതുവരെ 19 സുപ്രീംകോടതി വിധിന്യായങ്ങളും 29 കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. നിയമധ്വനിയുടെ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ നിയമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ http://www. Keralalawsect.org-ൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. നിയമധ്വനിയുടെ അഞ്ചാം പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി

11 (*641) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഗ്രാമപഞ്ചായത്തിലും ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-സി) ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച National Optical Fibre Network (NOFN) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി ജിഗാബൈറ്റ് പാസീവ് ഒപ്റ്റിക്കൽ നെറ്റ്വർക്ക് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ NOFN പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Bharat Broadband Network Limited (BBNL) എന്ന സ്ഥാപനത്തിന് Right of Way ഉൾപ്പെടെയുള്ള അനുമതി നൽകുകയും നാളിതുവരെ 977 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും OFC കണക്ടിവിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു മുഖാന്തിരം ഗ്രാമ പഞ്ചായത്ത് തലത്തിൽ 100 mbps വേഗതയോടുകൂടിയ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുവാൻ കഴിയും. NOFN പദ്ധതിയിലൂടെ ഗ്രാമീണ പ്രദേശങ്ങൾ നേരിടുന്ന നെറ്റ്വർക്ക് കണക്ടിവിറ്റി അപര്യാപ്തതയ്ക്ക് പരിഹാരമാകും. സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. NOFN പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുമായി കൂടി ആലോചിക്കുകയും വേണ്ട ഏകോപനം നടത്തുകയും ചെയ്തിട്ടുണ്ട്.

ബ്രഹ്മോസ്

12 (*642) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ബി. സത്യൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മോസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) ബ്രഹ്മോസ് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ബ്രഹ്മോസിന്റെ ചെയർമാൻ DRDO, ISRO, ബ്രഹ്മോസ് ഏറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡ് (BAPL) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ, 2

LIBRARY ARCHIVES Kerala Legislative Assembly